**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1932** **29-07-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും സമന്വയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ല ആസ്ഥാനമായി പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനമായ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും വ്യവസായ അപ്പക്സ് സഹകരണ സ്ഥാപനമായ കാപ്പക്സും സമന്വയിപ്പിച്ച് ഒറ്റ പൊതു മേഖലാ സ്ഥാപനമാക്കണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; പ്രസ്തുത നിർദ്ദേശം സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുമോ; | (എ) | കാപ്പക്സിന്റെ മുഖ്യ ഓഫീസും അതിന്റെ അധീനതയിലുള്ള 10 ഫാക്ടറികളും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയതിട്ടുള്ള വ്യവസായിക സഹകരണ സംഘമാണ്. കേരളാ കശുവണ്ടി വികസന കോർപ്പറേഷനും, അനുബന്ധ ഫാക്ടറികളും വ്യവസായിക വാണിജ്യ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി നിയമ പ്രകാരം പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ്. ഈ രണ്ടു സ്ഥാപനങ്ങളും സമന്വയിപ്പിച്ച് ഒറ്റ പൊതുമേഖലാ സ്ഥാപനമാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഇപ്പോളില്ല. |
| (ബി) | പരമ്പരാഗത വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളുടെ വികസനത്തിനായി സർക്കാർ മുമ്പാകെയുള്ള പദ്ധതികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | (ബി) | പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള 30 കശുവണ്ടി ഫാക്ടറികളിലും അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനുമായി 2021-22 സാമ്പത്തിക വർഷം 550 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 510 ലക്ഷം രൂപയ്ക്ക് സർക്കാർ ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണത്തിനുമായി 2021-22 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നതിനും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുമൂലം കശുവണ്ടി ഫാക്ടറിത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനവും ജീവിത നിലവാരവും ഉറപ്പാക്കാൻ സാധിക്കുന്നതാണ്. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിൽ കൂടുതൽ തൊഴിലാളികളുടെ തസ്തികകൾ സൃഷ്ടിച്ച് കൂടുതൽ | (സി) | കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിൽ ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | പേർക്ക് തൊഴിൽ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | | ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിൽ പാരിറ്റി അനുസരിച്ച് കൂടുതൽ തൊഴിലാളികളെ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട ലോക്ക്ഡൗൺ പൂർണ്ണമായും പിൻവലിക്കുന്ന മുറയ്ക്ക് കാപ്പക്സ് ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് എന്നീ ഒഴിവുള്ള തസ്തികകളിൽ കൂടുതൽ തൊഴിലാളികളെ നിയമിച്ച് കൂടുതൽ പേർക്ക് ജോലി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ